# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 171 | 22.1.2014-ൽ മറുപടിക്ക്

### വിജിലൻസിനെപ്പറ്റിയുള്ള ആക്ഷേപങ്ങൾ

**ചോദ്യം**

ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. ജി. സുധാകരൻ
ശ്രീ. കെ. ദാസൻ
ശ്രീ. ആർ. രാജേഷ്

**ഉത്തരം**

ശ്രീ. രമേശ് ചെന്നിത്തല,
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

(എ) വിജിലൻസ് കൂട്ടിലടച്ച തത്തയാണെന്ന മുഖ്യവിവരാവകാശക്കമ്മീഷണറുടെ വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിമർശനത്തിനിടയാക്കിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ഒരു സെമിനാറിൽ പങ്കെടുത്തു സംസാരിച്ച മുഖ്യ വിവരാവകാശ കമ്മീഷണർ ബഹുമാനപ്പെട്ട സുപ്രീംകോടതി, സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷനെക്കുറിച്ചു നടത്തിയ പരാമർശം ഓർമ്മപ്പെടുത്തുകയായിരുന്നു. 12.5.1992 - ലെ ജി.ഒ.(പി) 65/92/വിജി നമ്പർ ഉത്തരവിൽ പറഞ്ഞിട്ടുള്ള നടപടികൾക്കു വിധേയമായിട്ടാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഇന്നും പ്രവർത്തിച്ചു വരുന്നതെന്നും, ആ ഉത്തരവ് പുനഃപരിശോധിക്കേണ്ടതിന്റെ അവശ്യകതയും അദ്ദേഹം ചൂണ്ടിക്കാണിക്കുകയായിരുന്നു.

(ബി) 'രാഷ്ട്രീയപ്രതിയോഗികൾക്കെതിരെ ഉപയോഗിച്ചുവരുന്നു', 'ഭരണനേതൃത്വത്തിലുള്ളവരുടെ കേസ്സുകൾ തള്ളുന്നു' എന്നുതുടങ്ങി സംസ്ഥാന വിജിലൻസിനെക്കുറിച്ച് ഉയർന്നുവന്ന ആക്ഷേപങ്ങൾ സംബന്ധിച്ചു പരിശോധിക്കുമോ;

(ബി) രാഷ്ട്രീയ ഭേദമന്യേ അഴിമതി നടത്തുന്നവർക്കെതിരെ ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. അഴിമതി കേസുകൾ എഴുതിതള്ളാൻ സർക്കാരിനാവില്ല. എല്ലാകേസുകളും കോടതികളുടെ പരിശോധനയ്ക്കു വിധേയമായതിനാൽ അന്തിമ തീരുമാനം ബഹുമാനപ്പെട്ട കോടതികളുടേതാണ്.

(സി) രാഷ്ട്രീയ എതിരാളികളെ നിശ്ശബ്ദമാക്കാൻ വിജിലൻസ് സംവിധാനത്തെ ദുരുപയോഗം ചെയ്യുകയാണെന്ന് കേരളാ ഹൈക്കോടതി വിധി പ്രസ്താവനയിൽ പരാമർശിക്കാനിടയായ സാഹചര്യം വിലയിരുത്തുമോ;

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലിരിക്കുന്ന കേസാകയാൽ വിധിയുടെ സാഹചര്യത്തെപ്പറ്റി വിലയിരുത്തുന്നത് ഉചിതമല്ലാത്തതാകുന്നു.

(ഡി) വിജിലൻസിനെ നിയമപരിരക്ഷയോടെ നിഷ്പക്ഷവും ഊർജ്ജസ്വലവുമാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

**(ഡി)** അഴിമതി നിരോധന നിയമ പ്രകാരമുള്ള കുറ്റങ്ങൾക്കു പുറമേ ഇന്ത്യൻ ശിക്ഷാ നിയമത്തിലേയും മറ്റു നിയമങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള കുറ്റങ്ങളും അന്വേഷിക്കാൻ ചുമതലപ്പെട്ട വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 1973 – ലെ ക്രിമിനൽ നടപടിക്രമം അനുസരിച്ചാണ് കേസുകളുടെ അന്വേഷണങ്ങൾ നടത്തിവരുന്നത്. അപ്രകാരം അന്വേഷണം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ കോടതികളുടെ സൂക്ഷ്മ പരിശോധനയ്ക്കു വിധേയമാകുന്നതിനാൽ നിയമ പരിരക്ഷ ഉറപ്പു വരുത്തുന്നുണ്ട്.

സെക്ഷൻ ആഫീസർ